പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 2465 20.6.2012 ലെ മറുപടിക്ക്

പട്ടികജാതി കോളനികളുടെ ഉന്നമനത്തിനായി പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി കോളനികളുടെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിയത്; | എ) | പട്ടികജാതി കോളനികളുടെ ഉന്നമനത്തിനായുള്ള വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>i) സംസ്ഥാനത്തെ 70 നിയോജക മണ്ഡലങ്ങളിൽ 70 കോളനികളിൽ ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടർ , റീഡിംഗ് റൂം , ലൈബ്രറി തുടങ്ങിയ സംവിധാനങ്ങൾ ഉൾ പ്പടെയുള്ള വിജ്ഞാൻവാടികൾ.<br>ii) മിൽമ മലബാർ റീജിയനുമായി സഹകരിച്ച് പാലക്കാട്, മലപ്പുറം , കോഴിക്കോട്, വയനാട്, കണ്ണൂർ , കാസർ ഗോഡ്, ജില്ലകളിലെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് 5 പശു കിടാവുകളെ വീതം നൽകുന്ന 30 കോടി രൂപയുടെ പദ്ധതി.<br>iii) മിൽമ എറണാകുളം റീജിയനുമായി സഹകരിച്ച് ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 500 പട്ടികജാതി കുടുംബങ്ങൾക്ക് ഓരോ കറവ പശുവിനെവീതം നൽകുന്നതിനുള്ള 131 ലക്ഷം രൂപയുടെ പദ്ധതി.<br>iv) നെടുമങ്ങാട് ബ്ലോക്കിൽപ്പെട്ട 50 പട്ടികജാതി കുടുംബങ്ങൾക്ക് ഫലവൃക്ഷ തൈകൾ, പച്ചക്കറി വിത്തുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി.<br>v) 50 ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 416 കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി 'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ ' എന്ന പദ്ധതി.<br>പ്രസ്തുത പദ്ധതിക്കായി ഓരോ കോളനിക്കും 15 ലക്ഷം രൂപ വീതം 62.40 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുള്ളതും 30 കോടി രൂപ ആദ്യഘട്ടമായി അനുവദിച്ചിട്ടുള്ളതുമാണ്. |
| ബി) | ഇതിനായി എന്തു തുക ചെലവഴിച്ചുവെന്നും എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കാമോ? | ബി) | സംസ്ഥാനത്തെ 70 നിയോജകമണ്ഡലങ്ങളിലെ 70 കോളനികളിൽ വിജ്ഞാൻവാടികൾ സ്ഥാപിക്കുന്നതിന് 105 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ടി കോളനികളിലെ അഭ്യസ്ത വിദ്യരായ പട്ടികജാതിക്കാർക്ക് ഇതുമൂലം പ്രയോജനം ലഭിച്ചിട്ടുണ്ട്.<br><br>മിൽമ, മലബാർ റീജിയണിന്റെ ആഭിമുഖ്യത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 1940 എസ്.സി വനിതകൾക്ക് 5 പശുകിടാരികളെ വീതം നൽകുന്ന പദ്ധതിയുടെ ഭേദഗതി വരുത്തിയ പ്രൊപ്പോസൽ പരിഗണനയിലാണ്.<br><br>മിൽമ, എറണാകുളം റീജിയണുമായി സഹകരിച്ച് ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 500 പട്ടികജാതി കുടുംബങ്ങൾക്ക് ഓരോ കറവപ്പശുക്കളെ വീതം നൽകുന്നതിനായുള്ള പദ്ധതി പ്രകാരം 500 ഗുണഭോക്താക്കളുടെ ലിസ്റ്റ് മിൽമ, എറണാകുളം ലഭ്യമാക്കുകയും പദ്ധതി 30.9.2012- ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>നെടുമങ്ങാട് ബ്ലോക്കിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ഫലവൃക്ഷതൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ വിതരണ ചെയ്യുന്നതിന് 25000/- രൂപ ഫണ്ടനുവദിച്ചിട്ടുണ്ട്.<br>സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയ്ക്ക് ഓരോ കോളനിയ്ക്കും വകയിരുത്തിയിരുന്ന തുകയായ 15 ലക്ഷം രൂപ എന്നുള്ളത് ഒരു കോടി രൂപയായി ഉയർത്തുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. 50 ലേറെ കുടുംബങ്ങളുള്ള 120 പട്ടികജാതി കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 6000- ലേറെ പട്ടികജാതി കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ